**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **21-01-2021 - ൽ മറുപടിയ്ക്ക്**

**ലീവ് സറണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. നൗഷാദ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് രോഗവ്യാപനവും ലോക്ഡൗണും മൂലം സാമ്പത്തിക പ്രതിസന്ധി ഉണ്ടായതിനെ തുടർന്ന് സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം താത്ക്കാലികമായി മരവിപ്പിച്ച്കൊണ്ട് 2020 ഏപ്രിൽ 16-ന് ഇറങ്ങിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 16.04.2020-ലെ സ.ഉ.(പി) നം.42/2020/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം താത്ക്കാലികമായി മരവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലീവ് സറണ്ടർ ആനുകൂല്യം പുനസ്ഥാപിച്ച് കൊണ്ട് 2020 നവംബർ 5-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും സർക്കാർ ജീവനക്കാരുടെ അവധി അക്കൗണ്ടിൽ നിലനിർത്താവുന്ന പരമാവധി ആർജ്ജിത അവധിയുടെ എണ്ണം 300 ആയി നിജപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ 2020 ഏപ്രിൽ മാസത്തിൽ ലീവ് അക്കൗണ്ടിൽ 300 തികഞ്ഞ വിരമിക്കാറായ ജീവനക്കാർക്ക് സഹിതം 2020 ഏപ്രിൽ മുതൽ നവംബർ 5 വരെ ലീവ് സറണ്ടർ അനുവദിക്കാത്തതുകൊണ്ട് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; | (ബി) | കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്. |
| (സി) | ഇപ്രകാരമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് 2020 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ ലീവ് സറണ്ടർ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകാൻ കഴിയുമോ; | (സി) | കെ.എസ്.ആർ ഭാഗം 1 ചട്ടം 78 പ്രകാരം ലീവ് അക്കൗണ്ടിൽ ചേർത്ത് വയ്ക്കാവുന്ന പരമാവധി ആർജ്ജിതാവധിയുടെ എണ്ണം 300 ആണ്. |
| (ഡി) | അല്ലാത്തപക്ഷം ലീവ് സറണ്ടർ മരവിപ്പിച്ച്കൊണ്ട് 2020 ഏപ്രിൽ 16-ന് ആണ് ഉത്തരവ് ഇറങ്ങിയതെന്നതിനാൽ ഏപ്രിൽ 1 മുതൽ 15വരെ ലീവ് സറണ്ടർ ചെയ്യുന്നതിന് അപേക്ഷിച്ചവരെ പ്രത്യേകമായി പരിഗണിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | (ഡി) | 16.04.2020-ലെ സ.ഉ.(പി) നം.42/2020/ധന നമ്പർ ഉത്തരവ് പ്രകാരം  എല്ലാ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവായിരുന്നു. തീർപ്പാക്കാനുണ്ടായിരുന്ന എല്ലാ ബില്ലുകൾക്കും ടി ഉത്തരവ് ബാധകമാക്കുകയും പണമാക്കി മാറ്റാതെ ശേഷിക്കുന്ന എല്ലാ ഉത്തരവുകളും റദ്ദാക്കി അവധി |

| | | | |
|---|---|---|---|
| | | | തിരികെ ജീവനക്കാരന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ